(ബി) വൈദ്യുതീകരണം, ഭവനപുനരുദ്ധാരണം, അടുക്കളത്തോട്ടങ്ങൾ, വരുമാനദായക പദ്ധതികൾ, വനിതകളുടെ സ്വയംസഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വ്യക്തിഗതക്ഷേമ പ്രവർത്തനങ്ങൾ.

(സി) 2009-10-ലെ 'കില' നടത്തിയ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി സങ്കേതങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളത്.

മിശ്രവിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ

172 (8232) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മിശ്രവിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികവും സ്ഥിരവരുമാനം ഉണ്ടാക്കുന്നതുമായ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത് എന്നാണ് ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് നിലവിൽ നൽകിവരുന്ന തുകയിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മിശ്രവിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന തുകയിൽ അവസാനമായി വർദ്ധനവ് വരുത്തിയത് 1-6-2009-ലെ സ.ഉ. (കൈ) 42/09/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം ധനസഹായത്തുക 20,000 രൂപയിൽനിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly